LIBRARY ARCHIVES Kerala Legislative Assembly

മങ്കട മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

166 (4554) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; ഇതിനായി എത്ര തുക ചെലവഴിച്ചു; വിശദമാക്കുമോ;

&

(ബി) വിവിധ ധനസഹായ പദ്ധതികളിലൂടെയെത്ര തുക വിനിയോഗിച്ചു; പദ്ധതി തിരിച്ച് ഗുണഭോക്താക്കളുടെ എണ്ണം ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

(എ&ബി) സാമൂഹ്യനീതി വകുപ്പ് സംസ്ഥാനം/ജില്ലാടിസ്ഥാനത്തിലാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. വകുപ്പുവഴി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും പ്രയോജനം മങ്കട മണ്ഡലത്തിലെ ഗുണഭോക്താക്കൾക്കും ലഭിച്ചിട്ടുണ്ട്. എന്നാൽ മണ്ഡലാടിസ്ഥാനം/ പഞ്ചായത്ത് തലത്തിലുള്ള വിവരങ്ങൾ പ്രത്യേകമായി ശേഖരിച്ചിട്ടില്ല.

(സി) മണ്ഡലത്തിലെ വിവിധ അങ്കണവാടികളുടെ നവീകരണത്തിനായി സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

വാർദ്ധക്യകാല പെൻഷൻ

167 (4555) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർദ്ധക്യകാല പെൻഷനുള്ള അപേക്ഷയോടൊപ്പം പ്രായം തെളിയിക്കുന്നതിനായി ഏതെല്ലാം രേഖകളും സർട്ടിഫിക്കറ്റുകളുമാണ് അപേക്ഷകർ ഹാജരാക്കേണ്ടത്?

ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, സ്കൂൾ സർട്ടിഫിക്കറ്റ് എന്നീ ആധികാരിക രേഖകൾ പെൻഷൻ അനുവദിക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ്. മേൽ സൂചിപ്പിച്ചിട്ടുള്ള ആധികാരിക രേഖകളുടെ അഭാവത്തിൽ മാത്രം, വയസ്സ് തെളിയിക്കുന്നതിന് മറ്റ് രേഖകളൊന്നും ഇല്ലായെന്ന സ്വയം സാക്ഷ്യപത്രത്തിനുമേൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിന് പ്രായം തെളിയിക്കുന്നതിനുള്ള രേഖയായി ഹാജരാക്കാവുന്നതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.